## സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്

201 (189) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് അഴിമതി നിരോധന നിയമം അനുസരിച്ച് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന ആരോപണങ്ങളിൽ ഉൾപ്പെട്ടതായ ഏതെങ്കിലും പരാതി സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ചാൽ ആ പരാതിയിൻമേൽ QV/PE/VE/SC തുടങ്ങിയ പ്രാഥമിക അന്വേഷണങ്ങൾ നടത്തി പ്രഥമദൃഷ്ട്യാ കുറ്റം തെളിയുകയും അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻവേണ്ട തെളിവുകൾ ലഭിക്കുകയും ചെയ്താൽ, ആ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് അഴിമതി നിരോധനനിയമം അനുസരിച്ച് ആകെ 764 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 106 |
| കൊല്ലം | - | 18 |
| പത്തനംതിട്ട | - | 9 |
| ആലപ്പുഴ | - | 32 |
| കോട്ടയം | - | 33 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| ഇടുക്കി | - | 52 |
| എറണാകുളം | - | 91 |
| തൃശ്ശൂർ | - | 83 |
| പാലക്കാട് | - | 111 |
| മലപ്പുറം | - | 64 |
| കോഴിക്കോട് | - | 81 |
| വയനാട് | - | 16 |
| കണ്ണൂർ | - | 33 |
| കാസർഗോഡ് | - | 35 |

**ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട്**

202 (190) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് സംബന്ധിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ 11-10-2017-ൽ ചേർന്ന മന്ത്രിസഭായോഗം എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) കമ്മീഷൻ റിപ്പോർട്ടിന്മേൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(സി) ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് സുപ്രീം കോടതിയിൽനിന്നും വിരമിച്ച ജസ്റ്റിസ് അരിജിത്ത് പസായത്തിന്റെ നിയമോപദേശം തേടുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ജസ്റ്റിസ് പസായത്തിന്റെ നിയമോപദേശത്തിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

ഉത്തരം

(എ-സി) സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് 11-10-2017-ലെ മന്ത്രിസഭായോഗം അംഗീകരിക്കുകയും റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ പ്രോസിക്യൂഷന്റെയും മുൻസുപ്രീംകോടതി ജഡ്ജി

LIBRARY ARCHIVES Kerala Legislative Assembly